**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3894** **17-03-2025 - ൽ മറുപടിയ്ക്ക്**

**സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. കെ. ബഷീർ** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | ഈ സർക്കാർ വന്നത് മുതൽ നാളിതുവരെ സംസ്ഥാനത്ത് സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ലൈംഗിക അതിക്രമങ്ങൾ ഉൾപ്പെടെയുള്ള അതിക്രമങ്ങളിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും എത്ര കേസുകളിൽ പ്രതികളെ കണ്ടെത്തിയിട്ടുണ്ടെന്നും എത്ര കേസുകളിൽ പ്രതികൾ ശിക്ഷിക്കപ്പെട്ടിട്ടുണ്ടെന്നും ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (എ) | അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | സ്കൂൾ കുട്ടികളുടെ ഇടയിൽ അക്രമവാസന വർദ്ധിക്കുകയും കുട്ടികൾ കൊല്ലപ്പെടുകയും ചെയ്യുന്ന സാഹചര്യം ഉണ്ടായിട്ടും ഇക്കാര്യത്തിൽ ആഭ്യന്തര വകുപ്പിന്റെ ശക്തമായ ഇടപെടൽ ഉണ്ടാകുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം കുട്ടി കുറ്റവാളികൾക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിച്ച് ഇത്തരം പ്രവണതകൾ തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സിനിമകൾ, വെബ് സീരീസുകൾ, ഓൺലൈൻ ഗെയിമുകൾ തുടങ്ങിയ മാധ്യമങ്ങളിൽ അമിതമായി ചിത്രീകരിക്കപ്പെടുന്ന ഹിംസയും അക്രമവും യുവതലമുറയെ ഗണ്യമായി സ്വാധീനിക്കുന്നു. ഇത് പലപ്പോഴും അവരെ അസ്വാഭാവികമായ ജീവിത ശൈലിയിലേക്കും അപകടകരമായ തീരുമാനങ്ങളിലേക്കും കുറ്റകൃത്യങ്ങൾ മാനസിക ആരോഗ്യ പ്രശ്നങ്ങൾ തുടങ്ങിയവയിലേയ്ക്കും എത്തിക്കുന്നു. ഇത്തരം സ്വാധീനങ്ങളിലൂടെ യുവ തലമുറയിൽ അക്രമ വാസന ഉടലെടുക്കുന്നതു തടയാൻ പോലീസ് വകുപ്പിനു കീഴിൽ നടപ്പിലാക്കി വരുന്ന ശിശു സൗഹൃദ പ്രോജക്ടുകളായ CHIRI, D-DAD, CAP, KOOTTU എന്നീ പദ്ധതികളിലൂടെ കൗൺസിലിംഗ് ആവശ്യപ്പെടുന്ന കുട്ടികൾക്ക് ആവശ്യമായ കൗൺസിലിംഗ് നൽകി വരുന്നു. ഇത്തരം പദ്ധതികളെ സംബന്ധിക്കുന്ന വിവരങ്ങൾ അദ്ധ്യയന വർഷാരംഭത്തിൽ പ്രവേശനോത്സവത്തോടനുബന്ധിച്ച് കുട്ടികൾക്കിടയിൽ പ്രചരണം നടത്തുന്നതിനും കുട്ടികളെ ബാധിക്കുന്ന വിവിധ വിഷയങ്ങളെ സംബന്ധിച്ച് അവബോധ വീഡിയോകൾ നിർമ്മിച്ച് പോലീസിന്റെ സോഷ്യൽ മീഡിയ |

| | | | |
|---|---|---|---|
| | | | പ്ലാറ്റ്ഫോമുകളിലൂടെ പരസ്യപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.<br><br>സ്കൂൾ പരിസരങ്ങളിൽ ജുവനൈൽ കുറ്റകൃത്യങ്ങൾ തടയുന്നതിനായി സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പുകൾ രൂപീകരിച്ച് നിയമ വിരുദ്ധ പ്രവർത്തനങ്ങളിൽ ഇരയാകുന്നതിൽ നിന്ന് കുട്ടികളെ സംരക്ഷിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനു പുറമേ കുട്ടികളുടെ സംരക്ഷണവും നിയമ പരിരക്ഷയും സർക്കാർ തലത്തിൽ ഉറപ്പ് വരുത്തുന്നതിനായി സംസ്ഥാന സാമൂഹ്യ നീതി വകുപ്പ്, വിദ്യാഭ്യാസ വകുപ്പ്, നിയമ വകുപ്പ്, എക്സൈസ് വകുപ്പ്, വനിത ശിശു വികസന വകുപ്പ്, ബാലാവകാശ കമ്മീഷൻ, ശിശുക്ഷേമ കമ്മിറ്റി, ജുവനൈൽ ജസ്റ്റിസ് ബോർഡ് തുടങ്ങി വിവിധ കാര്യവാഹകരുമായി ചേർന്ന് കേരള പോലീസ് ശക്തമായ നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്ന കുട്ടികൾക്കെതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| നമ്പർ | പോലീസ് ജില്ല | രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം | പ്രതികളെ കണ്ടെത്തിയ കേസുകളുടെ എണ്ണം | ബഹു.കോടതികളിൽ തീർപ്പായതും പ്രതികൾ ശിക്ഷിക്കപ്പെട്ടതുമായ കേസുകളുടെ എണ്ണം |
|---|---|---|---|---|
| 1 | തിരുവനന്തപുരം സിറ്റി | 4101 | 4075 | 436 |
| 2 | തിരുവനന്തപുരം റൂറൽ | 6303 | 5901 | 50 |
| 3 | കൊല്ലം സിറ്റി | 2858 | 2837 | 35 |
| 4 | കൊല്ലം റൂറൽ | 3184 | 3032 | 139 |
| 5 | പത്തനംതിട്ട | 3497 | 3148 | 323 |
| 6 | ആലപ്പുഴ | 3721 | 3672 | 40 |
| 7 | കോട്ടയം | 2929 | 2691 | 111 |
| 8 | ഇടുക്കി | 2403 | 2400 | 95 |
| 9 | എറണാകുളം സിറ്റി | 4020 | 3894 | 57 |
| 10 | എറണാകുളം റൂറൽ | 5046 | 4840 | 10 |
| 11 | തൃശ്ശൂർ സിറ്റി | 5731 | 5330 | 149 |
| 12 | തൃശ്ശൂർ റൂറൽ | 4332 | 3656 | 143 |
| 13 | പാലക്കാട് | 3524 | 3520 | 119 |
| 14 | മലപ്പുറം | 8387 | 8283 | 273 |
| 15 | കോഴിക്കോട് സിറ്റി | 3993 | 3556 | 94 |
| 16 | കോഴിക്കോട് റൂറൽ | 3661 | 3375 | 67 |
| 17 | വയനാട് | 2380 | 2252 | 23 |
| 18 | കണ്ണൂർ സിറ്റി | 1798 | 1753 | 41 |
| 19 | കണ്ണൂർ റൂറൽ | 1915 | 1622 | 85 |
| 20 | കാസർകോട് | 2242 | 2040 | 64 |
| 21 | റെയിൽവേസ് | 454 | 406 | 27 |
| ആകെ | | **76479** | **72283** | **2381** |